# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2476　　　　20.06.2012-ൽ മറുപടിയ്ക്ക്

### പ്രീ മെട്രിക് - പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം

**ചോദ്യം**
ശ്രീ.വി. ചെന്താമരാക്ഷൻ

**ഉത്തരം**
ശ്രീ. എ. പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് പട്ടികജാതി വകുപ്പിൻ കീഴിലുള്ള എത്ര പ്രീ മെട്രിക് ഹോസ്റ്റലുകളുടെയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും നവീകരണ പ്രവർത്തനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; | എ | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ളതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതുമായ 39 പ്രീ മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് 6 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം നടത്തിയിട്ടുണ്ട്. |
| ബി | എങ്കിൽ ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിരുന്നുവെന്നും അതിൽ ഇതുവരെ എന്ത് തുക വിനിയോഗിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ? | ബി | പട്ടികജാതി വികസന വകുപ്പിന് 2011-2012 സാമ്പത്തിക വർഷത്തിൽ "2225-01-277-93-34(OC)" എന്ന ശീർഷകത്തിൽ 2.5 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ നവീകരണ പ്രവർത്തനങ്ങൾക്കും ഹോസ്റ്റലുകളുടെ മറ്റ് ആവശ്യങ്ങൾക്കുമായി 2.31 കോടി രൂപ ചെലവഴിച്ചു. കൂടാതെ "2225-01-80-57-(Critical Gap Filling)" എന്ന ശീർഷകത്തിൽ നിന്നും നവീകരണ പ്രവൃത്തികൾക്കായി 20 ലക്ഷം രൂപ കൂടി ചെലവഴിച്ചിട്ടുണ്ട്. |

Sd/- K.J

സെക്ഷൻ ഓഫീസർ